അല്ലാഹുവിന്റെ റസൂൽ -ﷺ- തന്റെ വലതുഭാഗത്തേക്കും ഇടതുഭാഗത്തേക്കും സലാം വീട്ടുന്നത് ഞാൻ കാണാറുണ്ടായിരുന്നു; അവിടുത്തെ കവിൾത്തടത്തിന്റെ വെളുപ്പ് ഞാൻ കാണുന്നത് വരെ (അവിടുന്ന് മുഖം തിരിക്കുമായിരുന്നു)

സഅ്ദ് ഇബ്നു അബീ വഖാസ്വ് -رَضِيَ اللَّهُ عَنْهُ- നിവേദനം: "അല്ലാഹുവിന്റെ റസൂൽ -ﷺ- തന്റെ വലതുഭാഗത്തേക്കും ഇടതുഭാഗത്തേക്കും സലാം വീട്ടുന്നത് ഞാൻ കാണാറുണ്ടായിരുന്നു; അവിടുത്തെ കവിൾത്തടത്തിന്റെ വെളുപ്പ് ഞാൻ കാണുന്നത് വരെ (അവിടുന്ന് മുഖം തിരിക്കുമായിരുന്നു)."

[صحيح] [رواه مسلم]

നബി -ﷺ- നിസ്കാരത്തിൽ നിന്ന് വിരമിക്കുമ്പോൾ, ആദ്യത്തെ സലാം വീട്ടാനായി വലത്തോട്ടും രണ്ടാമത്തേതിന് ഇടത്തോട്ടും തിരിയുമായിരുന്നു. അവിടുത്തെ കവിൾത്തടത്തിന്റെ വെളുപ്പ് കാണാവുന്നത്ര വിധത്തിൽ അവിടുന്ന് മുഖം തിരിക്കാറുണ്ടായിരുന്നു എന്ന് സഅ്ദ് ഇബ്നു അബീ വഖാസ് -رَضِيَ اللَّهُ عَنْهُ- അറിയിക്കുന്നു.

http://www.sunnah.global/hadeeth/ml/show/65463